ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി

46(2247) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കി വരുന്നു.

(ബി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻവേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പാർട്ട്-എ യുടെ ഭാഗമായുള്ള സ്മാർട്ട് ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻവേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C Loss) 15 ശതമാനത്തിൽ താഴെ കുറയ്ക്കാൻവേണ്ടിയാണ് നടപ്പിലാക്കുന്നത്. കെ.എസ്.ഇ.ബി.എൽ-ന്റെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിച്ച് കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുക, കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുക, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്രീകൃത ഉപഭോക്തൃസേവന സംവിധാനം, കാൾസെന്റർ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

മുഖേന ഉപഭോക്താക്കൾക്ക് മൂല്യാധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്മാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണം ആധുനികവത്കരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം കുറച്ച് 15 ശതമാനത്തിൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് ഈ പദ്ധതിയുടെ പാർട്ട് ബി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി (RAPDRP) പാർട്ട് ബി-യിൽ 1,078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ 43 ഠൗണുകളിൽ നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(സി) ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള Distribution Reforms Committee ശിപാർശ ചെയ്ത പ്രവൃത്തികളാണ് RAPDRP പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നത്. കേന്ദ്ര സർക്കാർ എല്ലാ മാസവും അവലോകന യോഗം നടത്തി പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യാറുണ്ട്. ഇതിനു പുറമെ ബോർഡ് തലത്തിലും അവലോകനം നടത്താറുണ്ട്. കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് പരിശീലനം നൽകുകയും അവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാറ്റിൽനിന്നും വൈദ്യുതി

47(2248) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കാറ്റിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടതെന്നും അത് പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വൈദ്യുതി ഉൽപ്പാദനത്തിന് പൊതുധനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഇതിനായി ഉപയോഗിച്ച പൊതുധനത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ കാറ്റിൽനിന്നും ഒരു നിശ്ചിത അളവ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നില്ല. 18 വർഷംമുമ്പ് കഞ്ചിക്കോട് സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച 2.025 MW(9x225KW)

LIBRARY ARCHIVES Kerala Legislative Assembly